# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ഫെബ്രുവരി 7

# വാർത്താക്കുറിപ്പ്

---

### പ്രാക്ടിക്കൽ

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്‌സി. ബയോടെക്‌നോളജി (സി.എസ്.എസ്.-റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി 12 മുതൽ അതത് കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/247/2019)

ഒന്നാം സെമസ്റ്റർ എം.എസ്‌സി. മൈക്രോബയോളജി (സി.എസ്.എസ്. - 2018 അഡ്മിഷൻ - റഗുലർ/2014-2015, 2016, 2017 അഡ്മിഷൻ സപ്ലിമെന്ററി/2012, 2013 മേഴ്സി ചാൻസ് ) പരീക്ഷ ഡിസംബർ 2018ന്റെ പ്രാക്ടിക്കൽ ഫെബ്രുവരി 12 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/248/2019)

മൂന്നാം സെമസ്റ്റർ ബി.സി.എ./ബി.എസ്‌സി. കമ്പ്യൂട്ടർ സയൻസ് (പുതിയ സ്‌കീം റഗുലർ 2017 അഡ്മിഷൻ) നവംബർ 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി 14ന് തുടങ്ങും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/249/2019)

2018 ഡിസംബറിൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എ. മ്യൂസിക്, വീണ സി.ബി.സി.എസ് (2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ റീഅപ്പിയറൻസ്) സി.ബി.സി.എസ്.എസ്. (2013-2016 അഡ്മിഷൻ റീഅപ്പിയറൻസ്/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി 26 മുതൽ 28 വരെ ആർ.എൽ.വി. കോളേജിൽ നടക്കും.

(പി.ആർ.ഒ./39/250/2019)

2019 ജനവരിയിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്‌സി. ഇലക്‌ട്രോണിക്സ് (സി.എസ്.എസ്. റഗുലർ/റീഅപ്പിയറൻസ്) പരീക്ഷയുടെ അഡ്വാൻസ്ഡ് ഇലക്‌ട്രോണിക്സ് ലാബ് ആന്റ് പവർ ഇലക്‌ട്രോണിക്സ് ലാബ് ഫെബ്രുവരി 14ന് അതത് കോളേജുകളിൽ നടത്തും.

(പി.ആർ.ഒ./39/251/2019)

### പരീക്ഷഫലം

2018 ഒക്ടോബറിൽ നടന്ന സി.ബി.സി.എസ്.എസ്. അഞ്ചാം സെമസ്റ്റർ ബി.എ. മോഡൽ I, II, III (2016 റഗുലർ/2013-2015 സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 23 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/252/2019)

2018 ഒക്ടോബറിൽ നടന്ന അഞ്ചാം സെമസ്റ്റർ ബി.കോം. സി.ബി.സി.എസ്.എസ്. (മോഡൽ I, II, III - 2016 അഡ്മിഷൻ റഗുലർ, 2013-2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 23 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/253/2019)

2018 ഒക്ടോബറിൽ നടന്ന അഞ്ചാം സെമസ്റ്റർ ബി.എസ്‌സി. സി.ബി.സി.എസ്.എസ്. (മോഡൽ I, II, III - 2013-2016 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 23 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/254/2019)

2018 ഒക്ടോബറിൽ നടന്ന അഞ്ചാം സെമസ്റ്റർ ബി.ബി.എ, ബി.സി.എ, ബി.ബി.എം. ബി.എസ്.ഡബ്ലിയു, ബി.ടി.എസ് , ബി.എഫ്.ടി, ബി.പി.ഇ. പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 23 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/255/2019)

## പി.എച്ച്.ഡി. നൽകി

ബയോസയൻസസിൽ സി. ചന്ദനയ്ക്കും മാനേജ്മെന്റ് സ്റ്റഡീസിൽ എം. ഉവൈസ്, സി.വി. ലോലിത എന്നിവർക്കും കെമിസ്ട്രിയിൽ ജി. അഖിലിനും ബിസിനസ് അഡ്മിനിസ്ട്രേഷനിൽ കെ.പി. കൈലാസിനും ബയോടെക്നോളജിയിൽ റ്റിജു ചാക്കോയ്ക്കും കമ്പ്യൂട്ടർ സയൻസിൽ കെ.ആർ. അനിലിനും ബിഹേവിയറൽ മെഡിസിനിൽ ഗംഗ ജി. കൈമളിനും പി.എച്ച്.ഡി. നൽകാൻ സർവകലാശാല സിൻഡിക്കേറ്റ് തീരുമാനിച്ചു.

(പി.ആർ.ഒ./39/256/2019)

## 'ഇസ്ലാം മതവും ജനാധിപത്യവും; തുർക്കിയിലെ അനുഭവങ്ങൾ' - പ്രഭാഷണം ഇന്ന്

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിലെ വെസ്റ്റ് ഏഷ്യൻ സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന പ്രഭാഷണ പരിപാടി ഇന്ന് (ഫെബ്രുവരി 8) നടക്കും. രാവിലെ 10.30ന് 'ഇസ്ലാം മതവും ജനാധിപത്യവും; തുർക്കിയിലെ അനുഭവങ്ങൾ' എന്ന വിഷയത്തിൽ ജെ.എൻ.യു. മുൻ പ്രൊഫസർ ഡോ. അൻവർ അലാം പ്രഭാഷണം നടത്തും. 'ഇൻ ദി സേക്ക് ഓഫ് അള്ളാ ഒറിജിൻ; ഡെവലപ്മെന്റ് ആന്റ് ഡിസ്കോഴ്സ് ഓഫ് ദി ഗുലൻ മൂവ്മെന്റ്' എന്ന പുസ്തകത്തിന്റെ പ്രകാശനവും ഇതോടനുബന്ധിച്ച് നടക്കും. സോഷ്യൽ സയൻസ് ഡീൻ പ്രൊഫ. കെ.എം.സീതി പങ്കെടുക്കും.

(പി.ആർ.ഒ./39/257/2019)

## ഉത്തരക്കടലാസ് ഇന്ന് (ഫെബ്രുവരി 8) കൈപ്പറ്റണം

സോണൽ ക്യാമ്പുകളിൽ മൂല്യ നിർണ്ണയത്തിന് എത്തിച്ച ഒന്ന്, രണ്ട് സെമസ്റ്റർ ബിരുദ പ്രൈവറ്റ് (2018 നവംബർ) പരീക്ഷകളുടെ ഉത്തരക്കടലാസുകൾ കൈപ്പറ്റാത്ത അഡീഷണൽ എക്സാമിനർമാർ ഇന്ന് (ഫെബ്രുവരി 8) അവ കൈപ്പറ്റണം. പാലാ അൽഫോൺസാ കോളേജ്, കോട്ടയം ബി.സി.എം., ചങ്ങനാശ്ശേരി ക്രിസ്തുജ്യോതി കോളേജ്, ആലുവ യു.സി കോളേജ്, ലബ്ബക്കട ജെ.പി.എം കോളേജ്, തൃപ്പൂണിത്തുറ ചിൻമയ കോളേജ്, മൂവാറ്റുപുഴ നിർമല കോളേജ്, കോഴഞ്ചേരി സെന്റ് തോമസ് കോളേജ് എന്നിവിടങ്ങളിലാണ് ക്യാമ്പ്.

ഫെബ്രുവരി 19ന് ക്യാമ്പിൽ തിരികെ ഏൽപ്പിക്കണം. ചീഫ് എക്സാമിനർമാർ ഫെബ്രുവരി 20 ന് ഉത്തരക്കടലാസുകൾ കൈപ്പറ്റി 27നകം ക്യാമ്പിൽ തിരികെ നൽകണം. വിശദ വിവരത്തിന് ഫോൺ: 9946447287.

(പി.ആർ.ഒ./39/258/2019)

## ബോർഡ് ഓഫ് സ്റ്റഡീസ്, വിദഗ്ധ സമിതി യോഗം ഇന്ന് (ഫെബ്രുവരി 8)

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ബിരുദ, ബിരുദാനന്തര ബിരുദ ബോർഡ് ഓഫ് സ്റ്റഡീസുകളുടെയും വിദഗ്ധ സമിതിയുടെയും യോഗം ഇന്ന് (ഫെബ്രുവരി 8) സർവകലാശാല അസംബ്ലി ഹാളിൽ നടക്കും. ബിരുദ ബോർഡ് ഓഫ് സ്റ്റഡീസ്, വിദഗ്ധസമിതിയുടെ യോഗം രാവിലെ 10.30നും ബിരുദാനന്തര ബിരുദ ബോർഡ് ഓഫ് സ്റ്റഡീസ്, വിദഗ്ധ സമിതിയുടെ യോഗം ഉച്ചകഴിഞ്ഞ് രണ്ടിനുമാണ് ചേരുക. എല്ലാ അംഗങ്ങളും പങ്കെടുക്കണമെന്ന് വൈസ് ചാൻസലർ അറിയിച്ചു.

(പി.ആർ.ഒ./39/259/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ